'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നാഷണൽ റർബൻ മിഷൻ ക്ലസ്റ്ററുകളുടെ മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിന് എഞ്ചിനീയറിംഗ് കോളേജുകളെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

**സ.ഉ.(കൈ) നം.142/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/11/2019

പരാമർശം:- 1. 22.05.2017-ലെ നാഷണൽ റർബൻ മിഷൻ എസ്.എൽ.ഇ.സി യോഗത്തിലെ 4-ാം നമ്പർ തീരുമാനം.

2. 07.05.2019-ലെ ഗ്രാമവികസന വകുപ്പിന്റെ അവലോകന യോഗത്തിലെ റർബൻ പദ്ധതിയുമായി ബന്ധപ്പെട്ട 6-ാം നമ്പർ തീരുമാനം.

3. എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ 21.05.2019 തീയതിയിൽ ചേർന്ന യോഗത്തിലെ 7-ാം നമ്പർ തീരുമാനം.

4. ഗ്രാമവികസന കമ്മീഷണറുടെ 29.08.2019 -ലെ 15443/ആർ.ഐ.4/2016/ സിആർഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേന്ദ്ര സർക്കാരിന്റെ ശ്യാമപ്രസാദ് മുഖർജി നാഷണൽ റർബൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത്/ഒരു കൂട്ടം ഗ്രാമപഞ്ചായത്തുകളെ ഒരു (വികസന) ക്ളസ്റ്റർ ആയി വിജ്ഞാപനം ചെയ്ത് ടി ക്ലസ്റ്ററിന്റെ സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്ന പ്രോജക്ടുകൾക്ക് മുൻതൂക്കം നൽകികൊണ്ട് സ്മാർട്ട് വില്ലേജ് ആക്കി മാറ്റാൻ ലക്ഷ്യമിടുന്നു.

2) പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. കേരളത്തിൽ 3 ഫേസുകളിലായി 12 ക്ലസ്റ്ററുകളെ (24 ഗ്രാമ പഞ്ചായത്തുകൾ) നാഷണൽ റർബൻ മിഷൻ പദ്ധതി പ്രകാരം തിരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത ക്ലസ്റ്ററുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പരാമർശം (1) പ്രകാരം ചീഫ് ടൗൺ പ്ലാനറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫേസ് -1 ക്ലസ്റ്ററുകളിലെ പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലായതിനാൽ ടി ക്ലസ്റ്ററുകളുടെ 3-ാം ഗഡു കേന്ദ്ര വിഹിതം ലഭിക്കുന്നതിനായി പ്രസ്തുത റർബൻ ക്ലസ്റ്ററുകളുടെ മാസ്റ്റർ പ്ലാൻ അടിയന്തരമായി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്.

3) റർബൻ മിഷൻ പദ്ധതി പ്രകാരമുള്ള മാസ്റ്റർ പ്ലാനുകൾ, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിനു പുറമെ എം.ആർക്ക്/ എം.പ്ലാനിംഗ് കോഴ്സ് ഉള്ള കോളേജുകളിലെ ഡിപ്പാർട്ടുമെന്റുകളുടെ കൺസൾട്ടൻസി സേവനം കൂടി പ്രയോജനപ്പെടുത്തി തയാറാക്കണമെന്ന്

പരാമർശം (2) പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കി വരുന്ന വിവിധ പ്രോഗ്രാമുകൾക്ക് സാങ്കേതിക പിന്തുണ നൽകുവാൻ കഴിയും വിധം എഞ്ചിനീയറിംഗ് കോളേജുകളിലെ വകുപ്പുകളും അധ്യാപകരും കൺസൾട്ടൻസി സേവനം നൽകേണ്ടതാണെന്നും ഇതിനുള്ള ഫീസ് ഈടാക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരവും തീരുമാനിച്ചിട്ടുണ്ട്.

4) പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ എം.ആർക്ക് /എം.പ്ലാനിംഗ് കോഴ്സുകളുള്ള എഞ്ചിനീയറിംഗ് കോളേജുകളുമായി ഗ്രാമവികസന കമ്മീഷണർ ചർച്ച നടത്തുകയുണ്ടായി. Cadastral map, SECC data, Land Utilisation Map, Land use map, ICAP, DPR, State Development Plan തുടങ്ങിയ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന രേഖകൾ നൽകുകയാണെങ്കിൽ 6 മാസം കൊണ്ട് റർബൻ മിഷൻ ക്ലസ്റ്ററുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകാമെന്ന് ഗവ.എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം, ടി.കെ.എം.കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം, KMEA കോളേജ് ഓഫ് എഞ്ചിനീയറിംഗ്, എറണാകുളം, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂർ എന്നീ കോളേജുകൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. പ്രസ്തുത എഞ്ചിനീയറിങ് കോളേജുകളും ചീഫ് ടൗൺ പ്ലാനറും ആവശ്യപ്പെട്ട കൺസൾട്ടൻസി തുക ഏകീകരിച്ച് 18 ലക്ഷം രൂപയും ജി.എസ്.ടി-യും ആയി ധാരണയായിട്ടുണ്ട്. കൂടാതെ ഫേസ് -1 ൽ ഉൾപ്പെട്ട തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്-ആര്യനാട് ക്ലസ്റ്ററിന്റെ ICAP തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജാണ് തയ്യാറാക്കിയിരുന്നത്. ആയതിന്റെ ഡാറ്റ അവരുടെ കൈവശം ഉള്ളതിനാൽ വെള്ളനാട് -ആര്യനാട് ക്ലസ്റ്ററിന്റെ മാസ്റ്റർ പ്ലാൻ 15 ലക്ഷം രൂപ ചിലവിൽ തയ്യാറാക്കാമെന്ന് തിരുവനന്തപുരം എൻജിനീയറിങ് കോളേജ് ആർക്കിടെക്ച്ചർ വിഭാഗം മേധാവി അറിയിച്ചിട്ടുണ്ട്.

5)മേൽ സാഹചര്യത്തിൽ റർബൻ മിഷൻ ക്ലസ്റ്ററുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഗവ.എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം, ടി.കെ.എം.കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം, KMEA കോളേജ് ഓഫ് എഞ്ചിനീയറിംഗ്, എറണാകുളം, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ എന്നീ കോളേജുകളെ ചുമതലപ്പെടുത്തണമെന്നതടക്കമുള്ള 7 ശുപാർശകൾ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്.

6)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫേസ് -1 ക്ലസ്റ്ററുകളിലെ പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലായതിനാൽ ടി ക്ലസ്റ്ററുകളുടെ 3-ാം ഗഡു കേന്ദ്ര വിഹിതം ലഭിക്കുന്നതിനായി പ്രസ്തുത റർബൻ ക്ലസ്റ്ററുകളുടെ മാസ്റ്റർ പ്ലാൻ അടിയന്തരമായി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ട സാഹചര്യത്തിൽ നാഷണൽ റർബൻ മിഷൻ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഗ്രാമവികസന കമ്മീഷണറുടെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് ചുവടെ ചേർക്കുന്ന പ്രകാരം ഉത്തരവാകുന്നു.

a. ചുവടെയുള്ള പട്ടിക പ്രകാരം ചീഫ് ടൗൺ പ്ലാനറുടെ മേൽനോട്ടത്തിൽ എഞ്ചിനീയറിംഗ് കോളേജുകൾക്കും, ചീഫ് ടൗൺ പ്ലാനർക്കും ക്ലസ്റ്ററുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചുമതല നൽകുന്നു

| ക്രമ നം. | ഏജൻസി | ക്ലസ്റ്റർ | ജില്ല |
|---|---|---|---|
| 1 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം | 1.വെള്ളനാട്-ആര്യനാട്<br>2.കഞ്ഞിക്കുഴി-മാരാരിക്കുളം | തിരുവനന്തപുരം<br>ആലപ്പുഴ |

| | | | |
|---|---|---|---|
| 2 | ടി.കെ.എം.കോളേജ് ഓഫ്എഞ്ചിനീയറിംഗ്, കൊല്ലം | 1.നെടുമ്പന-തൃക്കോവിൽ വട്ടം<br>2.പുതുപ്പള്ളി-മണർകാട് | കൊല്ലം<br>കോട്ടയം |
| 3 | KMEA കോളേജ് ഓഫ് എഞ്ചിനീയറിംഗ്, എറണാകുളം | 1.പുത്തൻവേലിക്കര-കുന്നുകര<br>2.പുതുക്കോട്-കാവശ്ശേരി | എറണാകുളം<br>പാലക്കാട് |
| 4 | ഗവ.കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃശ്ശൂർ | 1.പുന്നയൂർക്കുളം-വടക്കേക്കാട്<br>2.കോട്ടയം-മാങ്ങാട്ടിടം | തൃശ്ശൂർ<br>കണ്ണൂർ |
| 5 | ചീഫ് ടൗൺ പ്ലാനർ | 1.എടപ്പാൾ-വട്ടംകുളം<br>2.താനാളൂർ-നിറമരുതൂർ<br>3.ചെമ്പിലോട്ട്-പെരളശ്ശേരി<br>4.പിണറായി-വേങ്ങാട് | മലപ്പുറം<br>മലപ്പുറം<br>കണ്ണൂർ<br>കണ്ണൂർ |

b. എഞ്ചിനീയറിംഗ് കോളേജുകൾക്ക് കൺസൾട്ടൻസി ചാർജ്ജായി രൂപ 18 ലക്ഷവും ജി.എസ്.ടി.യും നിശ്ചയിക്കുന്നു (വെള്ളനാട്-ആര്യനാട് ക്ലസ്റ്ററിന്റെ കൺസൾട്ടൻസി ചാർജ്ജായി കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തിന് രൂപ 15 ലക്ഷവും ജി.എസ്.ടി യും മാത്രം)

c. ചീഫ് ടൗൺ പ്ലാനർക്ക് അവർ നേരിട്ട് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിന് ഒരു ക്ലസ്റ്ററിന് 18 ലക്ഷം രൂപ നിരക്കിൽ നിശ്ചയിക്കുന്നു

d. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേക്കുള്ള Cadastral map, SECC data, Land Utilisation Map, Land use map, ICAP,DPR, SDR എന്നിവയിൽ ലഭ്യമായ രേഖകൾ എഞ്ചിനീയറിംഗ് കോളേജുകൾ, ചീഫ് ടൗൺ പ്ലാനർ എന്നിവർക്ക് നൽകുന്നതിനായി ICAP തയ്യാറാക്കിയ സ്ഥാപനമായ Kerala Institute of Local Administration (KILA)- യെ ചുമതലപ്പെടുത്തുന്നു

e. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേക്ക് Kerala Institute of Local Administration (KILA)-ൽ ലഭ്യമായ രേഖകൾക്കുപരിയായി എന്തെങ്കിലും രേഖകൾ അധികമായി ആവശ്യമായി

വരുന്ന പക്ഷം അവ ലഭ്യമാക്കുന്നതിലേക്കുള്ള യഥാർത്ഥ ചെലവ് വഹിക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നൽകുന്നു.

f. എഞ്ചിനീയറിംഗ് കോളേജുകൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് Town & Country Plan Act 2016 പ്രകാരം ആയിരിക്കണം. റർബൻ ക്ലസ്റ്ററുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ നിയമപരമായ ഉത്തരവാദിത്വം ടൗൺ & കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിനായതിനാൽ ചുമതലപ്പെടുത്തിയിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകൾ ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനറുടെ മേൽനോട്ടത്തിൽ മാസ്റ്റർ പ്ലാനുകൾ തയാറാക്കേണ്ടതാണ്. എഞ്ചിനീയറിംഗ് കോളേജുകൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ ആയതിന്റെ സാങ്കേതികതയുടെയും പുരോഗതിയുടെയും മേൽനോട്ടവും ഉത്തരവാദിത്വവും ജില്ലാതലത്തിൽ അതാത് ജില്ലാ ടൗൺ പ്ലാനർക്ക് ആയിരിക്കും. കരട് മാസ്റ്റർ പ്ലാൻ ചീഫ് ടൗൺ പ്ലാനർ വെറ്റിംഗ് ചെയ്ത് നൽകേണ്ടതാണ്

g. 12 ക്ലസ്റ്ററുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ചിലവും റർബൻ മിഷനിലെ മറ്റ് ഭരണചിലവുകളും (ICAP, DPR തയ്യാറാക്കൽ, മീറ്റിംഗ്, ട്രെയിനിംഗ് സംഘടിപ്പിക്കൽ, യംഗ് പ്രൊഫഷണൽമാർ, പ്രോജക്ട് എഞ്ചിനീയർമാർ എന്നിവരുടെ വേതനം തുടങ്ങിയവ) കണക്കാക്കുമ്പോൾ കേന്ദ്രസർക്കാർ അനുവദിച്ച തുക (അഡ്മിൻ ഫണ്ട്) തികയാതെ വരികയാണെങ്കിൽ ക്ലസ്റ്ററുകളിലെ ഓരോ പഞ്ചായത്തും പരമാവധി രണ്ട് ലക്ഷം രൂപ വീതം തങ്ങളുടെ തനത് ഫണ്ട്/വികസന ഫണ്ടിൽ നിന്നും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന ചിലവിലേക്കായി വകയിരുത്തി യഥാസമയം ഗ്രാമവികസന കമ്മീഷണർക്ക് കൈമാറുന്നതിന് അനുമതി നൽകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജു കുട്ടൻ്.എം.എസ്**

**അഡീഷണല് സെക്രട്ടറി**

To,

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
വൈസ് ചാൻസലർ, എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാല, തിരുവനന്തപുരം
പ്രസിഡണ്ട്/സെക്രട്ടറി വെള്ളനാട് ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി ആര്യനാട് ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി മാരാരിക്കുളം ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി നെടുമ്പന ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി മണർകാട് ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി കുന്നുകര ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി പുതുക്കോട് ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി കാവശ്ശേരി ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

പ്രസിഡണ്ട്/സെക്രട്ടറി കോട്ടയം ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി എടപ്പാൾ ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി വട്ടംകുളം ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി താനാളൂർ ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി നിറമരുതൂർ ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി ചെമ്പിലോട് ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി പെരളശ്ശേരി ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി പിണറായി ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്/സെക്രട്ടറി വേങ്ങാട് ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ, ഗവ.എൻജിനീയറിങ് കോളേജ്, തിരുവനന്തപുരം
പ്രിൻസിപ്പൽ, ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം
പ്രിൻസിപ്പൽ, കെ.എം.ഇ.എ കോളേജ് ഓഫ് എൻജിനീയറിങ്, എറണാകുളം
പ്രിൻസിപ്പൽ, ഗവ.എൻജിനീയറിങ് കോളേജ്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), മുളംകുന്നത്തുകാവ്, തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ&പി.ആർ.ഡി (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed [illegible]NISAM N
Date: 2019[illegible] 11:24:23 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (റൂറൽ) യുടെ പി.എ-യ്ക്ക്